<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1011</u> <u>06-02-2023 - ൽ മറുപടിയ്ക്ക്</u>

<u>പൂക്കോട്ടുമണ്ണ ലിഫ്റ്റ് ഇറിഗേഷൻ ഫേസ് -2 പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചുങ്കത്തറ പൂക്കോട്ടുമണ്ണ റെഗുലേറ്ററിനോടനുബന്ധിച്ച രണ്ടാം ഘട്ട പ്രവൃത്തിയായ പൂക്കോട്ടുമണ്ണ ലിഫ്റ്റ് ഇറിഗേഷൻ ഫേസ്- 2 പദ്ധതിയുടെ എസ്റ്റിമേറ്റടക്കമുള്ള പ്രൊപ്പോസൽ ജലസേചന വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ; തുകയടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ; ഫയൽ ഏതു വിഭാഗത്തിലാണെന്നും ഫയൽ നമ്പരടക്കമുള്ള വിവരങ്ങളും അറിയിക്കാമോ; | (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ ചുങ്കത്തറ പൂക്കോട്ടുമണ്ണ റഗുലേറ്ററിനോടനുബന്ധിച്ച് രണ്ടാംഘട്ട പ്രവൃത്തിയായ പൂക്കോട്ടുമണ്ണ ലിഫ്റ്റ് ഇറിഗേഷൻ ഫേസ്-2 പദ്ധതിയുടെ 1180 ലക്ഷം തുക വരുന്ന വിശദമായ പ്രൊജക്ട് റിപ്പോർട്ട് നബാർഡ് RIDF XXVIII പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കോഴിക്കോട് MIC സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും DB2-3252/2022 നം. കത്തു പ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ അതേ സമയം ജി.എസ്.ടിയിലുള്ള വർധനവ് 18-07-2022 ന് നിലവിൽ വന്നതിനാൽ GST 18% നിരക്കിൽ 1300 ലക്ഷം രൂപ കണക്കാക്കി ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കിയെങ്കിലും, നിലവിൽ നബാർഡ് പദ്ധതികൾക്ക് ഭരണാനുമതി നല്കുന്നതിന് താൽക്കാലിക സാങ്കേതികാനുമതി കൂടി ലഭ്യമാക്കിയശേഷം മാത്രമേ വിശദമായ പ്രൊജക്ട് റിപ്പോർട്ട് നബാർഡിൽ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ആയത് പ്രകാരം 1300 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് PRICE 3 മുഖേന താൽക്കാലിക സാങ്കേതികാനുമതി നല്കുന്നതിനായി ലഭ്യമാക്കിയെങ്കിലും സാങ്കേതിക മായ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ അവ പരിഹരിക്കുന്നതിനായി നിർദ്ദേശം നല്കിയിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ച് എസ്റ്റിമേറ്റ് പുന:സമർപ്പിക്കുന്ന മുറയ്ക്ക് താത്കാലിക സാങ്കേതിമാനുമതി നൽകി നബാർഡ് RIDF ന്റെ പുതിയ tranche-ൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തുന്നതിന് ടി പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ; | (ബി) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ ചുങ്കത്തറ പൂക്കോട്ടുമണ്ണ റഗുലേറ്ററിനോടനുബന്ധിച്ച് രണ്ടാംഘട്ട പ്രവൃത്തിയായ പൂക്കോട്ടുമണ്ണ ലിഫ്റ്റ് ഇറിഗേഷൻ ഫേസ്-2 പദ്ധതിയുടെ 1180 ലക്ഷം തുക വരുന്ന |

| | | | |
|---|---|---|---|
| | ആയതിന്റെ തൽസ്ഥിതിയും മുൻഗണനാക്രമവും തുടർ നടപടികളും ലഭ്യമാക്കാമോ? | | വിശദമായ പ്രൊജക്ട് റിപ്പോർട്ട് നബാർഡ് RIDF XXVIII പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കോഴിക്കോട് MIC സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും DB2-3252/2022 നം. കത്തു പ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ അതേ സമയം ജി.എസ്.ടിയിലുള്ള വർധനവ് 18-07-2022 ന് നിലവിൽ വന്നതിനാൽ GST 18% നിരക്കിൽ 1300 ലക്ഷം രൂപ കണക്കാക്കി ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കിയെങ്കിലും, നിലവിൽ നബാർഡ് പദ്ധതികൾക്ക് ഭരണാനുമതി നല്കുന്നതിന് താൽക്കാലിക സാങ്കേതികാനുമതി കൂടി ലഭ്യമാക്കിയശേഷം മാത്രമേ വിശദമായ പ്രൊജക്ട് റിപ്പോർട്ട് നബാർഡിൽ സമർപ്പിക്കുവാൻ സാധിക്കുകയുള്ളു. ആയത് പ്രകാരം 1300 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് PRICE 3 മുഖേന താൽക്കാലിക സാങ്കേതികാനുമതി നല്കുന്നതിനായി ലഭ്യമാക്കിയെങ്കിലും സാങ്കേതിക മായ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ അവ പരിഹരിക്കുന്നതിനായി നിർദ്ദേശം നല്കിയിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ച് എസ്റ്റിമേറ്റ് പുന:സമർപ്പിക്കുന്ന മുറയ്ക്ക് താത്കാലിക സാങ്കേതിമാനുമതി നൽകി നബാർഡ് RIDF ന്റെ പുതിയ tranche-ൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ